# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P5/1225/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P5/1225/2022 തീയ്യതി: 27/07/2022

# കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 22-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നവീൻചന്ദ്രൻ, (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ഷീജ.ആർ (അസി.ഓഡിറ്റ്.ഓഫീസർ)
ശ്രീ.രാജൻ .വി.ഡി(സീനി.ഗ്രേഡ്.ഓഡിറ്റർ)
ശ്രീമതി.ജൂഡിറ്റ് വർഗീസ്.എൻ (സീനി.ഗ്രേഡ്.ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുഭാഷ് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 11-11-2020 | 29-12-2020 |
| ശ്രീമതി.ഷീലബിനു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ബിജു.സി.നായർ | സെക്രട്ടറി | 01-04-2020 | 02-02-2021 |
| ശ്രീ. അൻവർറഹ്മാൻ | സെക്രട്ടറി(ഇൻ ചാർജ്) | 03-02-2021 | 05-02-2021 |
| ശ്രീ. സ്റ്റീഫൻ എം | സെക്രട്ടറി | 06-02-2021 | 31-03-2021 |
| ശ്രീ. അൻവർറഹ്മാൻ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. അനീസ് ബഷീർ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. ആഷിയോ.എം ദാസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 20-03-2021 |
| ശ്രീ. മിലിമോഹൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-03-2021 | 31-03-2021 |
| ശ്രീ.പ്രദീപ് കുമാർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിമി സാരംഗ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ. അജയകുമാർ പി | അസി.എഞ്ചീനിയർ | 01-04-2020 | 01-01-2021 |
| ശ്രീമതി.ജസ്സ(ചാർജ്) | അസി.എഞ്ചീനിയർ | 02-01-2021 | 12-01-2021 |
| ശ്രീ. ബീജു പി.എസ് | അസി.എഞ്ചീനിയർ | 13-01-2021 | 31-03-2021 |
| ശ്രീമതി.രചന റ്റി.ആർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശിൽപാഭദ്രൻ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.നിഷ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ആദർശ്.ജി.എസ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.വീണാരാജ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ.വിനോദ് ആർ.എസ് | ഡയറിഫാം ഓഫീസർ | 01-04-2020 | 02-07-2020 |
| ശ്രീമതി.ബീന | ഡയറിഫാംഇൻസ്പെക്ടർ | 03-07-2020 | 08-07-2020 |
| ശ്രീമതി.ഇന്ദു എസ്.വി | ഡയറിഫാം ഓഫീസർ | 09-07-2020 | 31-03-2021 |
| ശ്രീമതി.ജയ.ജെ | ഫിഷറീസ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Judith Varghese (Senior Grade Auditor, On 25-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Judith Varghese (Senior Grade Auditor, On 25-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: R.Sheeja (Asst. Audit Officer, On 01-07-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Judith Varghese (Senior Grade Auditor, On 25-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: R.Sheeja (Asst. Audit Officer, On 28-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 25-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Judith Varghese (Senior Grade Auditor, On 25-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Judith Varghese (Senior Grade Auditor, On 25-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-7 |
| 9 | സാമൂഹ്യസുരക്ഷാപെൻഷൻ - പെൻഷണറുടെ മരണശേഷം ബാങ്ക് അക്കൌണ്ടിലേക്ക് തുക നൽകി.<br>Written By: Judith Varghese (Senior Grade Auditor, On 01-07-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Judith Varghese (Senior Grade Auditor, On 25-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Judith Varghese (Senior Grade Auditor, On 25-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 25-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-10 |
| 13 | പേയ്മെന്റ് ചെയ്യാത്ത ചെക്കുകൾ സ്റ്റേയിൽ ചെക്കിൽ ഉൾപ്പെടുത്തുകയോ ബാങ്ക് റീകൺസീലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല.<br>Written By: Judith Varghese (Senior Grade Auditor, On 01-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-11 |
| 14 | ലേലയിനത്തിലുള്ള കുടിശ്ശിക - തുടർനടപടികൾ അനിവാര്യം.<br>Written By: Judith Varghese (Senior Grade Auditor, On 01-07-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-12 |
| 15 | മൊബൈൽ ടവർ വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.<br>Written By: Judith Varghese (Senior Grade Auditor, On 01-07-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-13 |
| 16 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവ് തിരിച്ചടച്ച തുക പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 29-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-14 |

| | | |
|---|---|---|
| 17 | സാക്ഷരതാ തുല്യതാ പരിപാടി - ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 29-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-15 |
| 18 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ്തുക തടസ്സപ്പെടുത്തുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 29-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-16 |
| 19 | നിഷ്ക്രിയ ആസ്തികൾ - അടിയന്തിര തുടർനടപടികൾ അനിവാര്യം.<br>Written By: Rajan.V.D (Senior Grade Auditor, On 29-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-17 |
| 20 | തെരുവുവിളക്കു പരിപാലനം - അടാട്ട് മാതൃക - മാർഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: R.Sheeja (Asst. Audit Officer, On 30-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-18 |
| 21 | പാലിന് സബ്സിഡി - അധിക നിരക്കിൽ നൽകി.<br>Written By: R.Sheeja (Asst. Audit Officer, On 30-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-19 |
| 22 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.<br>Written By: Naveen Chandran (Audit Officer, On 01-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-20 |
| 23 | പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല.<br>Written By: Naveen Chandran (Audit Officer, On 01-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-21 |
| 24 | ഇ - ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.<br>Written By: Naveen Chandran (Audit Officer, On 01-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-22 |
| 25 | നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് കറണ്ട് ചാർജ് നൽകുന്നു.<br>Written By: R.Sheeja (Asst. Audit Officer, On 30-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-23 |
| 26 | അംഗനവാടി കെട്ടിടങ്ങൾക്കുള്ള നിർമ്മാണത്തിനു വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.<br>Written By: R.Sheeja (Asst. Audit Officer, On 30-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-24 |
| 27 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Naveen Chandran (Audit Officer, On 01-07-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-25 |
| 28 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ<br>Written By: Naveen Chandran (Audit Officer, On 02-07-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 1-26 |
| 29 | ദേശീയ പാതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തു - നഷ്ടപരിഹാരത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല.<br>Written By: Naveen Chandran (Audit Officer, On 02-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Judith Varghese (Senior Grade Auditor, On 26-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

23/2/21 തീയതിയിലെ നമ്പർ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2021 | 07/09/2021 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. വസ്തു നികുതി കണക്കുകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

2. അസി.എൻജിനിയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 4568733/- രൂപയുടെ പാർട്ട് ബില്ലുകൾ മാറിയിട്ടുണ്ട്. Capital Work In Progress ഇനത്തിൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത് 19,72,769/- രൂപയാണ്.

3. Secured Loan ഇനത്തിൽ തൻവർഷ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 1140000/-രൂപയാണ്. എന്നാൽ ഇത് ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ലോൺ രജിസ്റ്റർ പ്രകാരം ലോൺ വരവ് 640000/-രൂപയാണ്.

4. പ്രോ. നം. 131/20-21 പ്രകാരം മെയിന്റനൻസ് ഫണ്ട് (റോഡ്)ൽ നിന്ന് ചെലവഴിച്ച 204779/- രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

5. KURDFC ലോൺ വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക 14332353/- രൂപയാണ്. വാർഷിക കണക്കുകൾ പ്രകാരം 13692353/- രൂപയാണ്.

6. സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ വരവ്-ചെലവ് – നീക്കിയിരുപ്പുകളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,42,23,591/- |
| വരവ് | 10,15,78,958/- |
| ആകെ | 14,58,02,549/- |
| ചെലവ് | 10,06,53,558/- |
| നീക്കിയിരിപ്പ് | 4,51,48,991/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,99,608/- |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ | കുറിപ്പ് ക്യൂബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19061850/- | 19061850/- | 18262850/- | 799000/- | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11099500/- | 11099500/- | 10663636/- | 435864/- | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 12694416/- | 12694416/- | 8077296/- | 4617120/- | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied) | 0 | 7130000/- | 7130000/- | 2696620/- | 4433380/- | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 5249000/- | 5249000/- | 5242031/- | 6969/- | |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 10131000/- | 10131000/- | 10130800/- | 200/- | |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| റ്റി.എസ്.സി | 772543/- | 3672298/- | 4444841/- | 954180/- | 3490661/- | |
| സാക്ഷരതാമിഷൻ | 68229/- | 1358/- | 69587/- | - | 69587/- | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 116746/- | 1456087/- | 1572833/- | 575049/- | 997784/- | |
| ഖരമാലിന്യ സംസ്കരണം | 619112/- | - | 619112/- | 605642/- | 13470/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ഐസിഡിഎസ് | 1216884/- | 1580600/- | 2797484/- | 1829226/- | 968258/- | |
| എംജിഎൻആർഇജിഎസ് | 0 | 1321294/- | 1321294/- | 1318540/- | 2754/- | |
| എസ്.എസ്.എ | 2100/- | - | 2100/- | 0 | 2100/- | |
| ലൈബ്രറി ഗ്രാന്റ് | 35130/- | 1358/- | 36488/- | 36488/- | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 134165445/- | 178 | 75669500/- | | 26 | 87 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1321294/- | 1321294/- | 1318540/- | 2754/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34127678/- | 34127678/- | 34127678/- | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 57600/- |
| കർഷകതൊഴിലാളി പെൻഷൻ | 2476700/- |
| വിധവാപെൻഷൻ | 28444100/- |
| വാർദ്ധക്യകാലപെൻഷൻ | 49928800/- |
| വികലാംഗപെൻഷൻ | 9212600/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 408700/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 300000/- |

## 1-7-1 സാമൂഹ്യസുരക്ഷാപെൻഷൻ - പെൻഷണറുടെ മരണശേഷം ബാങ്ക് അക്കൌണ്ടിലേക്ക് തുക നൽകി.

സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| വിൻസെന്റ് | 103630203310 | വാർദ്ധക്യകാല പെൻഷൻ | 17/5/20 | 6/20 -9/21 | 23600/- |
| കമലമ്മയമ്മ | 103630201585 | വാർദ്ധക്യകാല പെൻഷൻ | 28/1/20 | 2/20-9/21 | 12000/-` |
| ഐഷാബീവി | 103630100272 | കർഷക തൊഴിലാളി പെൻഷൻ | 6/7/20 | 8/20-12/20 | 6800/- |
| യോഹന്നാൻ കുട്ടി | 1036302101761 | വാർദ്ധക്യകാല പെൻഷൻ | 16/10/20 | 11/20-12/20 | 2800/- |

മുകളിൽ പരാമർശിച്ച പെൻഷൻതുക വിതരണം ചെയ്തതുമായി നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് അക്കൌണ്ടിലേക്ക് തിരികെ അടവാക്കണമെന്ന് കാണിച്ച് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ അടവാക്കുന്ന മുറക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 12 തീയതി-28/6/22

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23/6/22ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4321/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു.സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.(ഖണ്ഡിക 1-7-1 കാണുക). ലേലയിനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതായുണ്ട് (ഖണ്ഡിക 1-12 കാണുക). നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് വൈദ്യുതി ബോർഡ് കറണ്ട് ചാർജ് ഈടാക്കി വരുന്നുണ്ട് (ഖണ്ഡിക 1-23 കാണുക). ദേശീയ പാതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തതിന് ലഭിക്കേണ്ട നഷ്ടപരിഹാരത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല (ഖണ്ഡിക 1-27 കാണുക).

വി.ഇ.ഒ. നിർവഹണം നടത്തുന്ന പദ്ധതികളിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് സമിതിയുടെ രേഖപ്പെടുത്തലുകൾ കൃത്യതയോടെ ഉൾപ്പെടുത്തേണ്ടതാണ്. വിവിധ ഗഡുക്കൾ അനുവദിക്കുമ്പോൾ നിർവഹണ ഉദ്യോഗസ്ഥ സ്റ്റേജ് റിപ്പോർട്ട് രേഖപ്പെടുത്തുകയോ ആധികാരികമാക്കുകയോ ചെയ്യുന്നില്ല. ഫലപ്രദമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്.

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ "സർക്കാർ സ്കൂളുകൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ" എന്ന പദ്ധതിയിലൂടെ വാങ്ങിയ ഭൂരിഭാഗം ഉപകരണങ്ങളും കുട്ടികൾക്ക് ലഭ്യമാക്കാതെ സൂക്ഷിച്ചിരിക്കുന്നു.

കൃഷി ഓഫീസർ നിർവഹണം നടത്തുന്ന നെൽകൃഷി വികസനം പോലുള്ള പദ്ധതികളിൽ കൃഷിഭൂമിയുടെ വ്യാപ്തി ഉറപ്പുവരുത്തുന്നതിനായുള്ള ആധികാരിക റവന്യൂരേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തികൾ സംരക്ഷിക്കുന്നതിനും നിഷ്ക്രിയമായവ കയ്യൊഴിക്കുന്നതിനും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് , ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/4/22 മുതൽ 22/4/22 വരെ | 10/21 മുതൽ 3/22 വരെ | 30/6/22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/9/18 മുതൽ 19/9/18 വരെ | 2013-14 മുതൽ 2017-18 വരെ | 26/10/18 |

## 1-11 പേയ്മെന്റ് ചെയ്യാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്കിൽ ഉൾപ്പെടുത്തുകയോ ബാങ്ക് റീകൺസീലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല.

2020-21 വർഷം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടായ ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവീസ് കോർപ്പറേറ്റീവ് (അക്കൌണ്ട് നം-001001011205) ബാങ്കിന്റെ 2/22ലെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന ചെക്കുകൾ നാളിതുവരെയായി ബാങ്കിൽ പേയ്മെന്റിനായി ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൌച്ചർ നം | തീയതി | ചെക്ക് നം | തീയതി | തുക(രൂപ) |
|---|---|---|---|---|
| 22100247 | 7/7/21 | 58230 | 5/7/21 | 500/- |
| 22100508 | 6/10/21 | 58293 | 5/10/21 | 600/- |
| 22100530 | 18/10/21 | 58298 | 18/10/21 | 450/- |
| 22100674 | 30/11/21 | 58334 | 27/11/20 | 350/- |
| 32100156 | 29/11/21 | 58310 | 29/10/21 | 650/- |

തനത് ഫണ്ട് അക്കൌണ്ടുകൾ നിലനിൽക്കുന്ന ആദിച്ചനല്ലൂർ ഫാർമേഴ്സ് കോപ്പറേറ്റീവ് ബാങ്ക്, കാനറാബാങ്ക് എന്നീ ബാങ്കുകൾ മാർച്ച് മാസം റീകൺസീലിയേഷൻ നടത്തി ആയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ILGMS ൽ പെൻഡിംഗ് ടാസ്ക് ലഭ്യമാകുന്ന മുറക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. വാർഷികധനകാര്യപത്രിക സമർപ്പിക്കുമ്പോൾ പ്രസ്തുത അപാകതകൾ പരിഹരിച്ച് സമർപ്പിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം-15 തീയതി-29/6/22

## 1-12 ലേലയിനത്തിലുള്ള കുടിശ്ശിക - തുടർനടപടികൾ അനിവാര്യം.

2020-21 വർഷം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ താഴെപ്പറയുന്ന ഇനങ്ങളുടെ ലേലത്തിൽ ലേലം കൊണ്ട വ്യക്തികൾ ലേലതുക പൂർണമായി അടവാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | ലേലയിനം | മേൽവിലാസം | ലേല തുക+ ജി.എസ്.ടി + ഫ്ലഡ് സെസ് (രൂപ) | അടവാക്കിയ തുക (രൂപ) | ബാലൻസ് GST+FLOOD CESS) (രൂപ) |
|---|---|---|---|---|---|
| 1 | കൊട്ടിയം പബ്ലിക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിവ്, പബ്ലിക് കംഫർട്ട് സ്റ്റേഷൻ പിരിവ് | മെഹബൂബ്, കുറ്റിവിളമേലതിൽ ഉമയനല്ലൂർ | 181000 + 32580 + 1810 = 215390/- | 150000/- | 65390/- |
| 2 | കൊട്ടിയം പബ്ലിക് മാർക്കറ്റിൽ നിന്നും മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | സൈനുദ്ദീൻ, ബിസ്മി മൻസിൽ മയ്യനാട് | 130500 + 23490 + 1305 = 155295/- | 109956/- | 45339/- |
| 3 | ആദിച്ചനല്ലൂർ പബ്ലിക് മാർക്കറ്റിൽ അംഗീകൃത അറവുശാലകളിലെ മാട്ടിറച്ചി വ്യാപാരം | മുഹമ്മദ്നൗഫൽ എ, നെജ്മി മൻസിൽ വെളിച്ചിക്കാല | 153000+ 27540+1530 = 182070/- | 79000/- | 103070/- |

ലേല നിബന്ധനകളിലെ ക്രമ നം. 9 പ്രകാരം ലേലം വിളി കേട്ട ആകെ തുകയുടെ പകുതി മുൻകൂർ ഡെപ്പോസിറ്റായി ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാലുടനെയും ബാക്കി തുക ലേലം/ക്വട്ടേഷൻ കൗൺസിൽ അംഗീകരിച്ച് 7 ദിവസത്തിനകവും; സോൾവൻസി/ ബാങ്ക് ഗ്യാരന്റിക്ക് വിധേയമായി തവണകൾ അനുവദിക്കുന്ന പക്ഷം മെയ് മാസം മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ 5 തുല്യ തവണകളായി ഓരോ മാസവും പത്താം തീയതിക്കുള്ളിൽ അടച്ച് തീർക്കേണ്ടതും ആയതിലേക്ക് 200/-രൂപ മുദ്ര പത്രത്തിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്. ക്രമ നം. 1, 2 എന്നിവ പ്രകാരമുള്ള വ്യക്തികൾ മുദ്രപത്രത്തിൽ കരാർ വച്ചിട്ടുണ്ടെങ്കിലും സോൾവൻസി ഹാജരാക്കുകയോ ബാലൻസ് തുക അടവാക്കുകയോ ചെയ്തിട്ടില്ല. ക്രമ നം. 3 പ്രകാരം ലേലം കൊണ്ട വ്യക്തി 200/- രൂപ മുദ്രപത്രത്തിൽ കരാർ വയ്ക്കുകയോ, സോൾവൻസി ഹാജരാക്കുകയോ ചെയ്തിട്ടില്ല. ടി വ്യക്തികൾ അടവാക്കിയ തുകയിൽ നിരതദ്രവ്യമായി ക്രമനം-1 പ്രകാരം 25000/- രൂപയും ക്രമ നം – 2, 3 എന്നിവ പ്രകാരം 10000/- രൂപ വീതവും ഉൾപ്പെട്ടിട്ടുണ്ട്. മുകളിൽ പരാമർശിച്ച വ്യക്തികളിൽ നിന്ന് കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ, നിരതദ്രവ്യം തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങൾ എന്നിവ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യം മൂലമാണ് കുടിശ്ശികവന്നതെന്നു സൂചിപ്പിച്ചിട്ടുണ്ട്. കുടിശ്ശികയിനത്തിനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം-11 തീയതി-28/6/22

## 1-13 മൊബൈൽ ടവർ വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/ | നികുതിപ്രാബല്യത്തിൽ വന്ന തീയതി | വസ്തുനികുതി | തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 718/റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 2013 | 10080/- | സഞ്ചയസോഫ്റ്റ് വെയറിൽ ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| 2 | 840/റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 2013 | 12600/- | 2019 ൽ അഡ്വാൻസ് പേയ്മെന്റായി 6046/-രൂപയാണ് അടവാക്കിയത്. |

മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മുകളിൽ പരാമർശിച്ച മൊബൈൽ ടവറുകളിലെ വസ്തുനികുതി കുടിശ്ശിക കണക്കാക്കി സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം-19 തീയതി-30/6/22

## 1-14 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവ് തിരിച്ചടച്ച തുക പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് (എസ് സി) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്ട് നമ്പർ | 180/21 |
| അടങ്കൽ | 5,00,000/-<br>(വികസനഫണ്ട്-SCP) |
| ചെലവ് | 5,00,000/- |
| ബിൽ നം | 8/29-09-2020 |

പദ്ധതി മുഖേന ശ്രീമതി. വിജയമ്മ, ചിറയിൽ പുത്തൻവീട്, പള്ളിപടിഞ്ഞാറ്റതിൽ, കൊട്ടിയം എന്ന ഗുണഭോക്താവിന് 40,000/-രൂപ ആദ്യഗഡുവായി നല്കിയിട്ടുണ്ട്. എന്നാൽ, തുടർപരിശോധനയിൽ ഗുണഭോക്താവിന്റെ വസ്തു നെൽവയൽ തണ്ണീർത്തടസംരക്ഷണ നിയമപ്രകാരമുള്ള ഡേറ്റാബാങ്കിൽ ഉൾപ്പെട്ട സാഹചര്യത്തിൽ നല്കിയ തുക തിരികെ ഈടാക്കുകയും പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. (രസീത് നമ്പർ-1200103561/26-03-2021). പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിലനിർത്തിയിരിക്കുന്ന തുക തിരികെ വികസനഫണ്ടിലേക്ക് അടവാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-15 സാക്ഷരതാ തുല്യതാ പരിപാടി - ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | സാക്ഷരതാ തുല്യതാ പരിപാടി |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 223/20-21 |
| അടങ്കൽ | 50000/-<br>(തനത് ഫണ്ട്) |
| ചെലവ് | 25,000/- |
| ബിൽ നം/തീയതി | ചെക്ക് നം 53197961/22-03-21 |

സാക്ഷരതാ തുല്യതാ പരിപാടി എന്ന പദ്ധതി നിർവഹണത്തിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് തനത്ഫണ്ടിൽ നിന്നും 25,000/-രൂപ നല്കിയിട്ടുണ്ട്. പദ്ധതിയിൽ പങ്കാളികളായ വിദ്യാർത്ഥികളുടെ പേരുവിവരം, അറ്റൻഡൻസ് രജിസ്റ്റർ, പരീക്ഷ എഴുതിയ കുട്ടികളുടെ വിശദാംശങ്ങൾ (ഹാൾ ടിക്കറ്റ് പകർപ്പ്), ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. പരാമർശ രേഖകൾ ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 25,000/-രൂപ

ഓഡിറ്റ് അന്വേഷണം നമ്പർ - 13 ; തീയതി 28-06-2022

## 1-16 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ്തുക തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കേരളാ വാട്ടർ അതോറിറ്റിക്ക് താഴെ കൊടുത്തിരിക്കും പ്രകാരം തുക ഒടുക്കുവരുത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | ഒടുക്കിയ തുക (₹) | ബിൽ നം. |
|---|---|---|---|---|
| 1 | ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി നമ്പർ – 211/20-21 വികസനഫണ്ട് (ജനറൽ) | KWA എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3,30,000/- | 46/31-03-2021 |

| | | | | |
|---|---|---|---|---|
| | | ജലഭവൻ കൊല്ലം | | |
| | | ആകെ | 3,30,000/- | |

ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 330000/-രൂപ തടസ്സപ്പെടുത്തുന്നു. ടി സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ പ്രകാരമുള്ള ഫൈനൽ ബില്ലിന്റെ പകർപ്പും, പെർഫോമൻസ് റിപ്പോർട്ടും, പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 3,30,000/-രൂപ

ഓഡിറ്റ് അന്വേഷണം നം - 14/29-06-2022

## 1-17 നിഷ്ക്രിയ ആസ്തികൾ - അടിയന്തിര തുടർനടപടികൾ അനിവാര്യം.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കൃഷിഭവന്റെ അധീനതയിലുള്ള ആസ്തികൾ (കൊയ്ത്ത്-മെതിയന്ത്രം, ട്രാക്ടർ എന്നിവ) ആദിച്ചനല്ലൂർ കാർഷിക വികസന സർവ്വീസ് സഹകരണബാങ്കിന്റെ കോമ്പൗണ്ടിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ തുരുമ്പ് പിടിച്ച് കിടക്കുകയാണ്. കൊയ്ത്ത്-മെതിയന്ത്രം 2011 ൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ-ഗ്രാമപഞ്ചായത്തുകളുടെ സംയുക്തപദ്ധതിയായി വാങ്ങുകയും ആദിച്ചനല്ലൂർ ഏലാ വികസനസമിതിക്ക് കൈമാറുകയും ഉപയോഗിച്ച് വരവെ 2019 ൽ കേടാകുകയും ചെയ്തതായി കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് 30-05-2019 ന് മെതിയന്ത്രത്തിന്റെ സ്പെയർ പാർട്ടുകൾ ലഭ്യമാകാത്ത സാഹചര്യമാണെന്ന് കൃഷിവകുപ്പ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൊല്ലം) 13-06-2019 ലെ എ ഇ(3) 507/2019 നമ്പരായുള്ള കത്ത് മുഖേന കൃഷി ഓഫീസറെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് ആസ്തി കയ്യൊഴിക്കലിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2009-10 ൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ട്രാക്ടർ (Mahindra 47501) പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ പരിശോധന നടത്തേണ്ടതും അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.





ഓഡിറ്റ് അന്വേഷണം നം- 01/23-06-2022

## 1-18 തെരുവുവിളക്ക പരിപാലനം - അടാട്ട് മാതൃക - മാർഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | (1) തെരുവുവിളക്ക പരിപാലനം-അടാട്ട് മാതൃക വേതനം നൽകൽ (പ്രോജക്ട് നമ്പർ. 98/20-21)<br>അടങ്കൽ : 4,30,000/-(തനത് ഫണ്ട് )<br>ചെലവ് : 369500/- തനത് ഫണ്ട് |
| | (II)(1) തെരുവുവിളക്ക പരിപാലനം – അടാട്ട് മാതൃക സാധനങ്ങൾ വാങ്ങൽ (പ്രോജക്ട് നമ്പർ.99/20-21)<br>അടങ്കൽ : 3,00,000/-(ധനകാര്യ കമ്മീഷൻ)<br>ചെലവ് : 299336/- |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അടാട്ട് മാതൃകയിലുള്ള തെരുവ് വിളക്ക് പരിപാലത്തിന് വേണ്ടിയാണ് മേൽപദ്ധതികൾ നടപ്പിലാക്കിയത്. 98/20-21 പദ്ധതി പ്രകാരം വണ്ടി വാടക ഇനത്തിൽ 2,10,500/-രൂപയും

തൊഴിലാളിയ്ക്കുള്ള വേതനമിനത്തിൽ 1,59,000/-രൂപയും ഉൾപ്പടെ ആകെ3,69,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, 99/20-21 പദ്ധതിപ്രകാരം തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 2,99,336/- രൂപയും ചെലവഴിച്ചിട്ടുണ്ട്. അടാട്ട് മാതൃകയിലെ പരിപാലനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ലെന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1) തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്ററിൽ മെയിന്റനൻസ് നടത്തേണ്ട തെരുവ് വിളക്കുകളുടെ പോസ്റ്റ് നം രേഖപ്പെടുത്തുന്നുണ്ടെങ്കിലും അറ്റകുറ്റപ്പണി നടത്തിയ തീയതിയോ ഇലക്ട്രീഷ്യന്റെ ഒപ്പോ നോഡൽ ഓഫീസറുടെ ഒപ്പോ ഇല്ല. പ്രസ്തുത രജിസ്റ്ററിലെ രേഖപ്പെടുത്തലുകളാണ് ഇലക്ട്രീഷ്യന്മാർക്ക് വേതനം നല്കുന്നതിനുള്ള രേഖയെന്നതിനാൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

3) മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത തീയതിയോ വിതരണം ചെയ്ത തീയതിയോ രേഖപ്പെടുത്തുന്നില്ല. വിതരണം ചെയ്തവയുടെ എണ്ണവും കൈപ്പറ്റിയവരുടെ ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ പെർഫോമൻസ് ഗ്യാരന്റി ആവശ്യപ്പെടണമെന്നും ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല.

4) പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ഉത്തരവ് നമ്പർ.ജി2-44274/2015 പ്രകാരം കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായി വരുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. എന്നാൽ ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിക്കാതെ മാസം 20,000/-രൂപ നിശ്ചയിച്ചാണ് മേൽ പദ്ധതി പ്രകാരം വണ്ടി വാടക നൽകിയിട്ടുള്ളത്.

5) പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ഉത്തരവ് നമ്പർ.ജി2-44274/2015 പ്രകാരം ഇലക്ട്രീഷനെ നിയമിക്കുന്നതിന് ദിവസവേതനം 700/- രൂപയോ പോൾ ഒന്നിന് 75/- രൂപയിലോ പരിമിതപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, തൊഴിലാളിയ്ക്കുള്ള വേതനം മാസം 15,000/- രൂപ നിശ്ചയിച്ചാണ് നൽകിയിട്ടുള്ളത്.

മേൽ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 6/20-21, 27-06-22

1-19 പാലിന് സബ്സിഡി - അധിക നിരക്കിൽ നൽകി.

| | |
|---|---|
| പ്രോജക്ട് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നമ്പർ.1/20-21) |
| അടങ്കൽ | വികസനഫണ്ട്- 5,00,000/-<br>ജില്ലാ പഞ്ചായത്ത് - 3,00,000/- |
| ചെലവ് | - 5,00,000/- (വികസനഫണ്ട്)<br>ബിൽ നമ്പർ 2/20-21, 15.09.20 - 2,66,208/-<br>ബിൽ നമ്പർ 9/20-21, 11.01.21 - 1,19,940/-<br>ബിൽ നമ്പർ 8/20-21, 12.11.20 - 1,13,852/- |

2020-21 സാമ്പത്തിക വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പദ്ധതിയാണിത്. പ്രസ്തുത പ്രോജക്ട് പ്രകാരം പാലിന് സബ്സിഡി നൽകുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് ലിറ്ററൊന്നിന് നാല്

രൂപ തോതിൽ സബ്സിഡി നൽകിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയതു വഴി ഒരു രൂപ ക്രമത്തിൽ അധികമായി നല്കിയ തുക കണക്കാക്കി ക്ഷീരവികസന വകുപ്പിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തി ക്രമീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 2/20-21, 24.06.22

## 1-20 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്ക്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09 ) നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി.) 1699/17/തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല.

പ്രോജക്റ്റ് നം. – 196 – പഞ്ചായത്ത് ഓഫീസ് അനുബന്ധ കെട്ടിടം ഇലക്ട്രിഫിക്കേഷൻ
എഗ്രിമെന്റ് നം- 70/എ.ഇ./എൽ.എസ്.ജി.ഡി./എ.ടി.എൻ.ആർ./19-20/27.03.2020
എം. ബുക്ക് നം – 54/20-21
ബിൽ നം – 73/20-21/30.03.2021

പ്രോജക്റ്റ് നടപ്പിൽ വരുത്തുന്നതിന് 8,40,000/-രൂപയുടെ എസ്റ്റിമേറ്റ് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) തയ്യാറാക്കിയത് കൊല്ലം ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. ഇലക്ട്രിക്കൽ പാനൽ എൻജിനീയർ ശ്രീ. രമണനും, പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് പാനൽ എൻജിനീയർമാരായ ശ്രീ. മുഹമ്മദലി, ശ്രീ. സി.എം. ഷംസുദ്ദീൻ എന്നിവരാണ്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ടി.എസും നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ ടെണ്ടർ നടപടിയിലൂടെ കരാർ ലഭിച്ച ശ്രീ. സുനിൽ ലാൽ എസ്. നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെയും ശ്രീ. സി.എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് എ.ഇ. കരാറുകാരന് 7,08,088/-രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റിന്റെ 3% തുകയായ

22,128/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാങ്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുകയായ 7,376/- രൂപ ശ്രീ. സി.എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു. ) വകുപ്പിന്റെ 22.09.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015 /ത.സ്വ.ഭ.വ ഉത്തരവിൽ ഗ്രാമപഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എൻജിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടിവ് എൻജിനീയർ തയ്യാറാക്കേണ്ടതാണ്. ഈ പാനലിൽ നിന്നും ഒരു എൻജിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി നടത്തിയ കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ ഡ്രോയിംഗ് ഫയലിൽ ഇല്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനീയർ നൽകിയ മറുപടിയിൽ അപാകതകൾ തുടർന്നുള്ള പ്രവൃത്തികളിൽ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു.

പാനൽ എൻജിനീയറിംഗ് വിഭാഗം മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശം പാലിച്ച് മാത്രമേ ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ. നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദമായ പരിശോധന നടത്തുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതി, ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം - 8/28.06.2022

## 1-22 ഇ - ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ 2015-2016 മുതൽ 2021-2022 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച 4,83,470/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | തുക(രൂപ) |
|---|---|
| 2015-2016 | 51,555/- |
| 2016-2017 | 43,610/- |
| 2017-2018 | 62,400/- |
| 2018-2019 | 94,640/- |
| 2019-2020 | 25,192/- |
| 2020-21 | 1,40,069/- |
| 2021-22 | 66,004/- |

4,83,470/-രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് നാളിതു വരെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-23 നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് കറണ്ട് ചാർജ് നൽകുന്നു.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ രേഖകൾ കൈകാര്യം ചെയ്യുന്ന രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിലവിൽ ഉപയോഗത്തിലില്ലാത്ത ഓർഡിനറി ബൾബുകൾക്കും കറന്റ് ചാർജ് നൽകി വരുന്നതായി കെ.എസ്.ഇ.ബി നൽകിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമാകുന്നു.

കെ.എസ്.ഇ.ബിയുടെ ഇലക്ട്രിക്കൽ സെക്ഷൻ കൊട്ടിയം നൽകിയ കത്ത് പ്രകാരം നിലവിൽ നൽകി കൊണ്ടിരിക്കുന്ന 1145781001348-ാം നമ്പർ കൺസ്യൂമർ നമ്പറായുള്ള ബില്ലിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| തെരുവു വിളക്കിന്റെ ഇനം | എണ്ണം | പ്രകാശിക്കുന്ന സമയം | റേറ്റ് | തുക(രൂപ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സി.എഫ്.എൽ 1 X 18 | 116 | 12 മണിക്കൂർ | 29 | 3364/- |
| സി.എഫ്.എൽ 2 X 11 | 5 | 12 മണിക്കൂർ | 36 | 180/- |
| സി.എഫ്.എൽ 1 X 22 | 70 | 12 മണിക്കൂർ | 35 | 2450/- |
| എൽ.ഇ.ഡി 1 X 30 | 249 | 12 മണിക്കൂർ | 28 | 6972/- |
| എൽ.ഇ.ഡി 1 X 45 | 82 | 12 മണിക്കൂർ | 39 | 3198/- |
| ഫ്ലൂറസെൻ്റ് ട്യൂബ് 2 X 40 | 322 | 12 മണിക്കൂർ | 147 | 47334/- |
| ഫ്ലൂറസെൻ്റ് ട്യൂബ് 1 X 40 | 213 | 12 മണിക്കൂർ | 73 | 15549/- |
| ഓർഡിനറി 1 X 100 | 10 | 12 മണിക്കൂർ | 184 | 1840/- |
| ഓർഡിനറി 1 X 60 | 275 | 12 മണിക്കൂർ | 112 | 30800/- |
| ഓർഡിനറി 1 X 40 | 760 | 12 മണിക്കൂർ | 73 | 55480/- |
| എസ് വി ലാമ്പ് 1 X 250 | 30 | 12 മണിക്കൂർ | 492 | 14760/- |
| എസ് വി ലാമ്പ് ഓൺ സെമി ഹൈമാസ്റ്റ് 1 X 250 | 30 | 12 മണിക്കൂർ | 495 | 8910/- |
| | | ആകെ | | 190837/- |

മേൽ റിപ്പോർട്ട് പ്രകാരം 200 സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതായി കണക്കാക്കി പ്രതിമാസം 88,120/- രൂപ കെ.എസ്.ഇ.ബിയ്ക്ക് നല്കുന്നുണ്ട്. എന്നാൽ നിലവിൽ സാധാരണ ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ല. മാത്രവുമല്ല തെരുവ് വിളക്ക് ഉപകരണങ്ങളുടെ വാങ്ങൽ നടപടിയിൽ ഇത്തരം ബൾബുകൾ ഉൾപ്പെട്ടിട്ടുമില്ല. ഇതിൽ നിന്നും കെ.എസ്.ഇ.ബി നിലവിൽ ഇല്ലാത്തതും/ ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറൻ്റ് ചാർജ് ഈടാക്കികൊണ്ടിരിക്കുകയാണ് എന്ന് വ്യക്തമാക്കുന്നു.

ആയതിനാൽ കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറൻ്റ് ചാർജ് തുക എത്രയാണെന്ന് തിട്ടപ്പെടുത്തി വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് കൈകൊള്ളുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം -. 7/20-21, 27.06.22

1-24 അംഗനവാടി കെട്ടിടങ്ങൾക്കുള്ള നിർമ്മാണത്തിനു വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനു വിഹിതം നൽകൽ (പ്രോജക്ട് നമ്പർ.222/20-21) |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട്-14,00,000/-<br>തനത് ഫണ്ട് - 8,00,000/- |
| ചെലവ് | 8,00,000/- (തനത് ഫണ്ട് )<br>ചെക്ക് നമ്പർ-5319759/15.12.20 |

അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന 5,00,000/-രൂപയും സാമൂഹ്യനീതി വകുപ്പ് മുഖേന 2,00,000/-രൂപയും അധികമായി വേണ്ടി വരുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് 27.01.2017 ലെ 223/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ, സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ അംഗനവാടി കെട്ടിടങ്ങൾക്കുള്ള നിർമ്മാണത്തിനു വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 18-ാം വാർഡിലെ 17-ാം നമ്പർ നമ്പർ അംഗൻവാടി, 19-ാം വാർഡിലെ 1-ാം നമ്പർ അംഗനവാടി എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി സെക്രട്ടറിയുടെ 10.12.20 ലെ എ5-5953/20-ാം നമ്പർ ഉത്തരവ് പ്രകാരം ഒരു അംഗൻവാടിക്ക് 4,00,000/- രൂപ വച്ച് ആകെ 8,00,000/- രൂപ എം.എൻ.ആർ.ജി.എസ് മിഷൻ ഡയറക്ടറുടെ 799011400000486-ാം നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 11 ലക്ഷം രൂപ എസ്റ്റിമേറ്റ്

നിശ്ചയിച്ചിട്ടുള്ള ടി പ്രവൃത്തിക്ക് എം.ജി.എൻ.ആർ.ഇ.ജി.എസിൽ നിന്നും 5,00,000/-രൂപയും സാമൂഹ്യ നീതി വകുപ്പിൽ നിന്നും 2,00,000/-രൂപയും ഗ്രാമപഞ്ചായത്ത് തനതുഫണ്ടിൽ നിന്നും 4,00,000/- രൂപയും വകയിരുത്തിയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. അംഗൻവാടി കെട്ടിട നിർമ്മാണം പൂർണ്ണമായും എം.എൻ.ആർ.ഇ.ജി.എസിന്റെ മാർഗ്ഗരേഖയ്ക്കനുസൃതമായിട്ടാണ് നിർവഹിക്കേണ്ടതെന്ന് മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ, 17.05.2013 ലെ സ.ഉ.(സാധാ) നം.1307/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണം ഉത്തരവ് തീയതി മുതൽ പത്ത് മാസത്തിനകം പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ രണ്ട് അംഗൻവാടികളും പ്ലാസ്റ്ററിംഗ് വരെ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും മെറ്റീരിയൽ ഇനത്തിൽ ചെലവായ തുക ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 800000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/20-21, 24.06.22

1-25 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2020-2021 സാമ്പത്തിക വർഷത്തിൽ 1326 കുടുംബങ്ങൾക്കായി തൊഴിൽ നൽകി. ആകെ മനുഷ്യദിനങ്ങൾ 94,326 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 626 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 3,41,18,786/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന - ഓഡിറ്റ് നിരീക്ഷണങ്ങൾ

1. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥർ/ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.
2. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ പരിമിതമാണ്.
3. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012–ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിയ്ക്കുന്നില്ല. വിവിധ വാർഡുകളിൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് വ്യത്യസ്ത ടെണ്ടറുകൾ ആണ് നടത്തിയത്. കരാറുകാരുടെ ബില്ലുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഉള്ളവയല്ല (മറ്റ് വിതരണക്കാർ/ഉൽപാദകർ എന്നിവരുടെ ബില്ലുകളാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്). കരാറുകാരുടെ എഗ്രിമെന്റ് ക്രമപ്രകാരമുള്ളതല്ല. (പൊതുമരാമത്ത് വിഭാഗവുമായി ബന്ധപ്പെട്ട് നിർമ്മാണ കരാറുകളിലെ നിബന്ധനകൾ രേഖപ്പെടുത്തിയിരിക്കുന്നു)
4. സെമി സ്കിൽഡ്/സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.
5. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
6. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

ഉദ്യോഗസ്ഥതല/ഭരണതല വീഴ്ചകൾ

1. ഗ്രാമസഭകൾ കൂടി അതിന്റെ പരിധിയിൽ വരുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ടം, സാമൂഹിക പരിശോധന, സോഷ്യൽ ഓഡിറ്റ് എന്നിവ നിർവ്വഹിക്കുന്നില്ല.
2. വാർഡ് തലത്തിൽ വിജിലൻസ് ആറ്റ് മോണിറ്ററിംഗ് കമ്മറ്റി പ്രവർത്തിക്കുന്നില്ല.
3. എസ്റ്റിമേറ്റിന്റെ വിവരം, ആവശ്യമായ തൊഴിൽ ദിനങ്ങൾ, പണിചെയ്യുന്നവരുടെ എണ്ണം എന്നിവ തൊഴിലാളിയുടെ / പൊതു ജനത്തിന്റെ അറിവിലേയ്ക്കായി എഴുതി പ്രദർശിപ്പിക്കുന്നില്ല.
4. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോ-ഓഡിനേറ്റർ എന്നിവരുടെ ചുമതലയിൽപ്പെടുന്ന, പ്രവൃത്തികളുടെ പ്രാദേശിക പരിശോധനകൾ പരിമിതമാണ്.

മേൽ നിരീക്ഷണങ്ങൾ ഭരണസമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

1-26 മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

തൻ വർഷം മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു

1. പ്രോജക്ട് നം. 88/21, 184/2021 - പി. എച്ച്. സിയ്ക്ക് ലാബ് റീഏജന്റ് അനുബന്ധ സാധനങ്ങൾ വാങ്ങൽ

ഫണ്ട്- മെയിന്റനൻസ് ഫണ്ട് (റോഡിതരം )

ബിൽ നം. 3/23.06.2020- 11,113/- രൂപ

ബിൽ നം. 6/29.07.2020- 6,675/- രൂപ

ബിൽ നം. 11/29.07.2020- 11,251/- രൂപ

ബിൽ നം. 23/12.11.2020- 3,452/- രൂപ

ബിൽ നം. 33/31.03.2020- 13,511/- രൂപ

ബിൽ നം. 12/16.09.2020- 16,351/- രൂപ

ആകെ 62,353/- രൂപ ചെലവഴിച്ച പ്രോജക്ടിൽ, പത്രപരസ്യം നൽകി ക്വട്ടേഷൻ/ടെണ്ടർ മുഖേന വാങ്ങൽ നടത്തുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഹാജരാക്കിയ ക്വട്ടേഷനുകളിൽ Excel Scientific ഒഴികെ രണ്ട് ക്വട്ടേഷനുകളും പരിഗണനാർഹമല്ല. ( Biotech Agencies കുണ്ടറ, National Agencies, ഉമയനല്ലൂർ എന്നീ സ്ഥാപനങ്ങളുടെ കൃത്യമായ മേൽവിലാസം, ലൈസൻസ് നം, ജി.എസ്. ടി നം എന്നിവ രേഖപ്പെടുത്തിയിട്ടില്ല )

2. പ്രോജക്ട് നം. 101/21- കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ

ചെക്ക് നം.242564/24.03.2021- 44,608/-രൂപ ( തനത് ഫണ്ട് )

കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ 44,517/- രൂപയുടെ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ വാങ്ങി. (Tvm/itbg/p1/rc/24085/20-21/9.3.21-printer (Ubuntu)- 13,063/-രൂപ, Tvm/itbg /p1/rc/24299/20-21/11.3.21- Computer I3-31,545/-രൂപ ).

മേൽ രണ്ട് ഇനങ്ങളും സ്ഥാപനം കൈപ്പറ്റിയ രേഖയുണ്ടെങ്കിലും കെൽട്രോണിൽ നിന്നും ഒറിജിനൽ ഇൻവോയിസ് നാളിതുവരെ ലഭിച്ചിട്ടില്ല. അതിനാൽ വിലയുടെ കൃത്യത ബോധ്യപ്പെടുന്നില്ല. ഒറിജിനൽ ടാക്സ് ഇൻവോയിസ് ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 44,608/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3. ക്യാഷ് ബുക്ക് – മാർഗ്ഗനിർദ്ദേശപ്രകാരം സൂക്ഷിക്കുന്നില്ല.

ടി. ആർ. 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിയ്ക്കുന്നില്ല (ജി.ഒ. (പി) നം.177/2006/ഫിൻ തീയതി 12.04.2006 ). സ്ഥാപനം വരവ്-ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നത് Permanent Advance Disbursement Register–TR 96 ആണ്.

സർക്കാർ നിർദ്ദേശം പാലിച്ച് ക്യാഷ് ബുക്ക് തയ്യാറാക്കി ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. കെൽട്രോണിൽ നിന്നുള്ള അസ്സൽ ടാക്സ് ഇൻവോയ്സ്, ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക- 44,608/-രൂപ

ഓഡിറ്റ് അന്വേഷണം നം -10/28.06.2022

1-27 ദേശീയ പാതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തു - നഷ്ടപരിഹാരത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല.

ദേശീയ പാത 66 ന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുത്തതിൽ ഗ്രാമപഞ്ചായത്തിന്റെ കൊട്ടിയം ലൈബ്രറി കെട്ടിടവും സ്ഥലവും, മൈലക്കാട് ഉള്ള പൊതുകിണർ, ആദിച്ചനല്ലൂർ മാർക്കറ്റിലേയ്ക്കുള്ള വഴി, ദേശീയ പാതയിലേയ്ക്കുള്ള നിരവധി കോൺക്രീറ്റ്, ടാർ റോഡുകൾ എന്നിവ ഉൾപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ പല ആസ്തികളും ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉണ്ടെങ്കിലും സർക്കാർ വക

സ്ഥലം എന്നാണ് റവന്യൂ രേഖകളിൽ ഉള്ളത് (കൊല്ലം താലൂക്ക് സർവ്വേ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ലാന്റ് രജിസ്റ്റർ പേജ് 105). അതിനാൽ സ്ഥലം ഏറ്റെടുക്കുമ്പോൾ സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല; എന്നാൽ ഗ്രാമപഞ്ചായത്ത് നടത്തിയ നിർമ്മിതികൾക്ക് നഷ്ടപരിഹാരം അനുവദനീയമാണ്. ഗ്രാമപഞ്ചായത്ത് അധികാരികൾ ഇതിനായുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.





പൊതുപണം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, റവന്യൂ രേഖകളിൽ ഉൾപ്പെടുത്തുന്നതിൽ മുൻ കാലങ്ങളിൽ ചുമതലപ്പെട്ടവർ വരുത്തിയ വീഴ്ചകൾ മൂലം വൻ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമായി എന്ന വസ്തുത ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

നിലവിലും ഗ്രാമപഞ്ചായത്തിൽ സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുമുമ്പ് അവയുടെ ഉടമസ്ഥാവകാശം റവന്യൂ രേഖകളിൽ മാറ്റം വരുത്തിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, റിയൽ എസ്റ്റേറ്റ് ഓഫീസർ ആയ അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഉറപ്പാക്കേണ്ടതാണ്.

ദേശീയപാതയ്ക്കായി ഏറ്റെടുത്ത വസ്തുക്കളുടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥാവകാശം/കൈവശ രേഖകൾ എന്നിവ റവന്യൂ അധികാരികൾക്ക് സമർപ്പിച്ച് നിയമപ്രകാരം ലഭിക്കാവുന്ന പരാമവധി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 17 റോഡുകളാണ് ഏറ്റെടുത്തതെന്നും വിശദമായ സ്ഥല പരിശോധനയ്ക്ക് ശേഷം റിപ്പോർട്ട് നൽകുന്നതാണെന്നും അസിസ്റ്റന്റ് എൻജിനീയർ മറുപടി

നൽകി.

ഓഡിറ്റ് അന്വേഷണം നം. – 9/28.06.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 28/6/22 | കെ.എസ്.എ/കെ.എൽ.എം/പി.5/1225/2022 തീയതി-25/07/2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 212500/- | നെൽകൃഷി വികസനം | 212500/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 199750/- | നെൽകൃഷി വികസനം | 199750/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 280000/- | അംഗനവാടി പോഷകാഹാരം (ജനറൽ) | 280000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 228000/- | ഭിന്നശേഷി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് | 228000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1000000/- | കൊയ്ത്തുമെതിയന്ത്രം | 1000000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 135049/- | കുണ്ടുമൻവെളിച്ചിക്കാല കനാൽ റോഡ് കോൺക്രീറ്റിംഗ് | 135049/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 490000/- | അംഗനവാടി നം-30 നിർമ്മാണം | 490000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 484188/- | അംഗനവാടി നം- 7നിർമ്മാണം | 484188/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000/- | അംഗൻവാടി പോഷകാഹാരം- | 100000/- | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 250000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000/- | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000/- | ലൈഫ് മൂന്നാം ഘട്ടം ജനറൽ | 300000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 225000/- | ലൈഫ് ഭൂമിവാങ്ങൽ എസ്.സി | 225000/- | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 470293/- | കൊയ്ത്തുമെതിയന്ത്രം | 470293/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 212500/- | സമഗ്ര നെൽകൃഷി പദ്ധതി | 212500/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 95762/- | വീട്ടുവളപ്പിൽ മത്സ്യ കൃഷി | 95762/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 404000/- | അംഗനവാടി കെട്ടിട നിർമ്മാണം വാർഡ്-8 | 404000/- | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5319721 തീയതി-14/9/20 | 368243/- | 368243/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 640000/- രൂപ വരവുണ്ട്. ടി തുകയിൽ 620000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി.ലോൺ | സ.ഉ.(സാധാ)2278/തസ്വഭവ തീയതി.18/8/18 | 640000 | 14332353/- | 892353/- | - | 13440000/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 30000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 1-18 | 30000/- | സെക്രട്ടറി, ആദിച്ചനല്ലൂർ ഫാർമേഴ്സ് കോപ്പറേറ്റീവ് ബാങ്ക് | 1200100898 തീയതി. 21/12/20 |
| | | | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3 | 2007-08 | 3-8-1 | അക്ഷയപദ്ധതി പരാജയം | ഗവ. നിർദേശം ഉണ്ടാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ അക്ഷയ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 25000/- | ശ്രീ. ആദർശ്. ജി. എസ്, എച്ച്.എം, മൈലക്കാട് |
| 1-16 | 330000/- | ശ്രീ. അൻവർ റഹ്മാൻ, അസി. സെക്രട്ടറി |
| 1-24 | 800000/- | ശ്രീ. ബിജു സി നായർ, സെക്രട്ടറി |
| 1-26 | 44608/- | ഡോ.വീണാ രാജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(ബി)കേന്ദ്ര- സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അൻവർ റഹ്മാൻ, അസി. സെക്രട്ടറി | ആദിച്ചനല്ലൂർ പഞ്ചായത്ത് | അറക്കൽ, മാടമ്പിൽ, വണ്ടാനം, ആലപ്പുഴ |
| ശ്രീ. ആദർശ്. ജി. എസ്., എച്ച്. എം | യു.പി.സ്കൂൾ ആദിച്ചനല്ലൂർ | ആദർശ് ഭവൻ, മൈലക്കാട് പി.ഒ,കൊട്ടിയം |
| ശ്രീ. ബിജു സി നായർ, സെക്രട്ടറി | പെർഫോമൻസ് ഓഡിറ്റ്, ചാത്തന്നൂർ | ശ്രീകൗസ്തുഭം, മുഖത്തല പി.ഒ., കൊല്ലം |

| | | |
|---|---|---|
| ഡോ.വീണാ രാജ് , മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പി.എച്ച്.സി, ആദിച്ചനല്ലൂർ | തൊടിയിൽ വീട്, നടുവിലക്കര, ഉമയനല്ലൂർ പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | കെ എസ് എ-കെ എൽ എം/പി5/414(5)/18, തീ. 26.2.18 |
| 2002-03 | കെ എസ് എ-കെ എൽ എം/പി5/414(6)/18, തീ. 26.2.18 |
| 2005-06 | കെ എസ് എ-കെ എൽ എം/പി 5/414(8)/18, തീ. 26.2.18 |
| 2006-07 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2007-08 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2008-09 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2009-10 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2010-11 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2011-12 | എൽ എഫ് ക്യൂ പി 1/553/14, തീ.1-04-14 |
| 2012-13 | എൽ എഫ് ക്യൂ പി 1/879/14, തീ.23-03-15 |
| 2013-14, 2014-15 | കെ എസ് എ-കെ എൽ എം/പി 1/508/16, തീ. 4.4.16 |
| 2015-16 | കെ എസ് എ-കെ എൽ എം/പി 8/1901/16, തീ. 31.12.16 |
| 2016-17 | കെ എസ് എ-കെ എൽ എം/പി 5/1244/17, തീ. 10.7.17/31.7.17 |
| 2017-18 | കെ എസ് എ-കെ എൽ എം/പി 5/1844/18, തീ. 11.03.19 |
| 2018-19 | കെ എസ് എ-കെ എൽ എം/പി 5/317/2020, തീ. 22/05/2020 |
| 2019-20 | കെ എസ് എ-കെ എൽ എം/പി 5/205 /2022 തീ 2/6/22 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്‌ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്